(ഇ) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഏതെങ്കിലും ഒഴിവുകളിലേക്ക് ആരെയെങ്കിലും താൽക്കാലികമായി പ്രൊമോട്ട് ചെയ്തിട്ടുണ്ടോ; ഏതെല്ലാം പോസ്റ്റിൽ ആരെയൊക്കെയാണ് പ്രൊമോട്ട് ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) പി.എസ്.സി. യുടെ അനുമതി ഇല്ലാതെ താൽക്കാലിക പ്രൊമോഷൻ നടത്താൻ ബോർഡിന് അധികാരം ഉണ്ടായിരുന്നുവോ; ഇല്ലെങ്കിൽ നിയമവിരുദ്ധമായി നടത്തിയ പ്രൊമോഷനുകളും നിയമനങ്ങളും റദ്ദു ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) നിയമനങ്ങളൊന്നും നടത്തിയിട്ടില്ല.

(സി ആന്റ് ഡി) ചോദ്യം പ്രസക്തമല്ല.

(ഇ) പി.എസ്.സി. വഴിയുള്ള നിയമന നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നാൽ പി.എസ്.സി. യുടെ നടപടി ക്രമങ്ങൾ പൂർത്തിയാകാൻ കാലതാമസം വരുന്നതിനാൽ സി.ജി.എം., അക്കൗണ്ട്സ് ഓഫീസർ എന്നീ തസ്തികകളിലേക്ക് പ്രൊമോഷൻ താൽക്കാലികമായി നൽകിയിട്ടുണ്ട്.

(എഫ്) താൽക്കാലികമായി പ്രൊമോഷൻ നടത്താൻ ബോർഡിന് അധികാരമുണ്ട്.

സഹകരണ സംഘങ്ങളിലെ പലിശ രഹിത വായ്പ

97 [535] ശ്രീ. കോവൂർ കുഞ്ഞുമോൻ:

,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ, സ്റ്റാഫ് സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് അതിലെ അംഗങ്ങൾക്ക് പലിശ രഹിത വായ്പ നൽകുവാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ ബന്ധപ്പെട്ട ഉത്തരവ് ലഭ്യമാക്കുമോ;

(ബി) പലിശരഹിത വായ്പ നൽകുവാൻ വ്യവസ്ഥയുണ്ടെങ്കിൽ അതിന്റെ പരിധി എത്ര രൂപയാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത വായ്പ പണമായി നൽകുന്നതിന് വ്യവസ്ഥയുണ്ടോ; എങ്കിൽ അതിനാധാരമായ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) സാധനങ്ങൾ വാങ്ങുന്നതിനായി പലിശരഹിത വായ്പ നൽകുന്നതിന് സംഘങ്ങൾക്ക് അധികാരമുണ്ടോ; ഇല്ലെങ്കിൽ സാധനങ്ങൾ വാങ്ങുന്നതിനായി പലിശ രഹിത വായ്പ അനുവദിക്കുന്നത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ, സ്റ്റാഫ് സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് അതിലെ അംഗങ്ങൾക്ക് പലിശരഹിത വായ്പ നൽകുവാൻ വ്യവസ്ഥയില്ല.

(ബി ആന്റ് സി) (എ) യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഈ ചോദ്യങ്ങൾക്ക് പ്രസക്തിയില്ല.

(ഡി) ബാധകമല്ല.

കാർഷിക കടാശ്വാസം കർഷകർക്ക് നൽകാത്ത സഹകരണ സംഘങ്ങൾ

98 [536] ശ്രീ. വി. ഡി. സതീശൻ:
,, എഴുകോൺ നാരായണൻ:
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ:
,, എ. സുജനപാൽ:
,, ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടാശ്വാസത്തിന് നീക്കി വച്ച തുക സഹകരണ സംഘങ്ങൾ വാങ്ങി കർഷകർക്ക് ആശ്വാസം ലഭ്യമാക്കാതിരുന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര സഹകരണ സംഘങ്ങൾ പ്രസ്തുത തുക വാങ്ങാതെയും കർഷകർക്ക് ആശ്വാസം നൽകാതേയുമിരുന്നിട്ടുണ്ട്;

(സി) പ്രസ്തുത തുക വാങ്ങിയെങ്കിലും കർഷകർക്ക് ആശ്വാസം നൽകാതെയിരുന്ന സംഘങ്ങളുണ്ടോ; എങ്കിൽ എത്രയെണ്ണമുണ്ട്;

(ഡി) തുക വാങ്ങാതെയും കർഷകർക്ക് ആശ്വാസം എത്തിക്കാതെയുമിരുന്ന സഹകരണ സംഘങ്ങളുടെ ഭരണം നടത്തുന്നത് ഏതെല്ലാം രാഷ്ട്രീയ കക്ഷികളിൽപ്പെടുന്നവരാണെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ തുക വാങ്ങി കർഷകർക്ക് ആനുകൂല്യം നൽകാത്ത സഹകരണ സംഘങ്ങളുടെ മേൽ എന്തു നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly